14-04-2007
Vol-1,N0:3

*Kerala Catholic Bishop's Council's*

# ***Commission for Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

പ്രധാനവാർത്തകൾ

01. 27% പിന്നോക്ക സംവരണത്തിന് സുപ്രീം കോടതി സ്റ്റേ.
02. സ്കൂളിൽ നിന്ന് അസംബ്ലിയും പ്രാർത്ഥനകളും ഒഴിവാക്കാൻ നീക്കം.
03. അഗ്നിപരീക്ഷണമാകുന്ന പരീക്ഷകൾ.
04. വിദ്യാഭ്യാസ രംഗത്തു നിന്ന് സർക്കാർ പിന്മാറുന്നു.
05. ദീപിക ഇപ്പോഴും വിദേശപ്പണം വാങ്ങുന്നു : മുഖ്യമന്ത്രി.
06. സമുദായത്തേക്കാൾ അക്കാദമിക് മികവിനും സ്വാഭാവത്തിനും മുൻഗണന–സീറോ മലബാർ സഭ.
07. സഭയുടെ സ്വരം തിരിച്ചറിയാൻ മക്കൾക്ക് സാധിക്കണം.
08. ജോൺ പോൾ മാർപാപ്പ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് അടുക്കുന്നു.
09. ജയിൽ ഐ. ജി. യുടെ നിരോധനാജ്ഞയിൽ പ്രതിഷേധം.

## 01. 27% പിന്നോക്ക സംവരണത്തിന് സുപ്രീം കോടതി സ്റ്റേ.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇക്കൊല്ലം മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് 27 % സംവരണം നടപ്പാക്കുന്നത് സുപ്രീം കോടതി സ്റ്റേ ചെയ്തു. ഐ. ഐ.ടി, ഐ. ഐ. എം തുടങ്ങിയ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2007–08 വർഷത്തിൽ 27 % ഒ. ബി. സി സംവരണം നടപ്പാക്കുന്നത് ജസ്റ്റിസു മാരായ അരിജിത് പസായത്, എൽ. എസ്. പാമ എന്നിവരടങ്ങിയ ബെഞ്ചാണ് തടഞ്ഞത്. എന്നാൽ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്. സി/ എസ്. ടി സംവരണം നടപ്പാക്കാണമെന്നും കോടതി നിർദ്ദേശി ച്ചി ട്ടു ് .

സംവരണം ഏർപ്പെടുത്തുന്നതിനായി 1931–ലെ സെൻസസ് അടിസ്ഥാന ഘടകമാക്കാൻ കഴിയി ല്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിലെ സീറ്റുകളുടെ എണ്ണം കൂട്ടുന്ന തോടെ മൂന്നു വർഷത്തിനുള്ളിലെ ഒ. ബി. സി സംവരണം ദുർബലമാകുമെന്ന കേന്ദ്രസർക്കാരിന്റെ വാദം കോടതി തള്ളി. പിന്നോക്ക വിഭാഗങ്ങളെ സഹായിക്കാൻ ഉതുകുന്ന നടപടികൾക്ക് രൂപം നൽകാൻ ഭര ണകൂടങ്ങൾക്ക് അധികാരമുങ്കെിലും അത് മറ്റുള്ളവരെ പ്രതികൂലമായി ബാധിക്കാൻ പാടില്ലെന്ന് ബെഞ്ച് ചൂിക്കാട്ടി. ഒ. ബി. സി സംവരണ നിയമം കൊുവന്ന കേന്ദ്രസർക്കാരിനെ വിമർശിച്ചുകൊ് ബെഞ്ച് ഇങ്ങനെ അഭിപ്രായപ്പെട്ടു. ലോകത്തെങ്ങും ജാതികൾ പിന്നോക്ക പദവിക്കു വേി കാത്തു നിൽക്കാറി ല്ല. പിന്നോക്ക അവസ്ഥയ്ക്ക് വേി ആരും മത്സരിക്കാറുമില്ല. കേന്ദ്രസർക്കാർ കൊുവന്ന നിയമം സമത്വം എന്ന ചിന്തഗതിയെ അപകടത്തിലാക്കുന്നതാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് 27 % സംവരണം നിർണ്ണയിക്കാൻ 1931–ലെ സെൻസസ് അടിസ്ഥാനമാക്കിയ കേന്ദ്രനിലപാട് പരാമർശിക്കവെ, അന്നത്തെ സെൻസസിലെ വിവരങ്ങൾ ഇപ്പോൾ ഒരു നിർണ്ണായക ഘടകമല്ലെന്ന് ബെഞ്ച് ചൂിക്കാട്ടി. കേന്ദ്ര നില പാട് അനുസരിച്ച് ക്രീമിലെയർ എന്ന സങ്കലിപം പ്രഥമദൃഷ്ട്യാ പ്രസക്തമല്ല. പിന്നോക്ക അവസ്ഥ തീരു മാനിക്കാൻ കൃത്യമായ വിവരങ്ങൾ ഇല്ലാത്തതിന് ഒരു ന്യായീകരണവുമില്ല. തൽഫലമായി തുല്യര ല്ലാത്തവരെ തുല്യരായി കണകാക്കുകയാണെന്ന് ബെഞ്ച് അഭിപ്രായപ്പെട്ടു. ഒ. ബി. സി സംവരണത്തിന് കേന്ദ്രസർക്കാർ കൊുവന്ന നിയമനിർമാണത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുന്ന എതാനും ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി.

02. സ്കൂളിൽ നിന്ന് അസംബ്ലിയും പ്രാർത്ഥനകളും ഒഴിവാക്കാൻ നീക്കം.

സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിന്ന് ദൈവങ്ങളുടെയും വിശുദ്ധന്മാരുടെയും ചിത്രങ്ങളും പ്രതിമകളും എടുത്തുമാറ്റുവാനും സ്കൂളിൽ നിന്ന് അസംബ്ലിയും പ്രാർത്ഥനകളും നിർത്തലാക്കുവാനുമുള്ള പാഠ്യപരിഷ്കരണ സമിതി ശ്രമം തുടങ്ങി. അസംബ്ലികൾ തുടരുന്നതിൽ കുഴപ്പമില്ലെന്നും അസംബ്ലികളിൽ പ്രധാനാധ്യപകർക്ക് ലഭിക്കുന്ന പ്രമാണിത്തം ഇല്ലാതാക്കിയാൽ മതിയെന്നുമാണ് കെ. എസ്. ടി. എ പ്രതിനിധികളുടെ നിർദ്ദേശം.

അതിരാവിലെ കുട്ടികളെ വെയിൽ കൊള്ളിക്കുന്നത് ആരോഗ്യത്തിന് നല്ലതല്ല., അസംബ്ലികൾ കുട്ടികളുടെ വ്യക്തിത്വത്തെ അംഗീകരിക്കുന്നില്ല. വിധേയത്വമുള്ള മാനസ്സീകാവസ്ഥയോടെ കുട്ടികൾ ഏറെ നേരം നിൽക്കേി വരുന്നു, അസംബ്ലികൾ കുട്ടികളുടെ മനസ്സിന് ആനന്ദവും സന്തോഷവും നൽകുന്നില്ല. തുടങ്ങിയവയാണ് അസംബ്ലിക്ക് എതിരായി ഉയർന്നുവരുന്ന വിമർശനങ്ങൾ.

വിദ്യാലയങ്ങളിൽ പുലർത്തേ മതേതര അന്തരീഷത്തിന് ദൈവങ്ങളുടെയും മതനേതാക്കളുടെയും പ്രതിമകും ചിത്രങ്ങളും മതാചാരപ്രകാരമുള്ള പ്രാർത്ഥനകളും കളങ്കമാണെന്നാണ് കമ്മിറ്റിയുടെ വിലയിരുത്തൽ. ഇത്തരമൊരു തീരുമാനത്തിന്റെ സാമൂഹിക പ്രത്യാഘാതങ്ങൾ പഠിക്കാതെ പാഠ്യപദ്ധതിയും വർഷങ്ങളായി തുടരുന്ന പ്രവർത്തന രീതികളും ഒറ്റയടിക്ക് ഉടച്ച് വാർക്കുന്നതിൽ അധ്യാപക സംഘടന പ്രതിനിധികൾ അസംതൃപ്തി രേഖപ്പെടുത്തി. കോർകമ്മിറ്റിയിലെ ഭൂരിപക്ഷം പേരും ശാസ്ത്രസാഹിത്യ പരിഷത്തുമായി അടുത്ത ബന്ധമുള്ളവരാണ്. പാഠ്യപദ്ധതി സമീപനരേഖയുടെ ഭാഷയും ഏറെ വിമർശിക്കപ്പെടുന്നു്. പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ഇങ്ങനെയാണ് വിവരിക്കുന്നത്. പാഠ്യപദ്ധതി ജ്ഞാനനിർമ്മിതിക്ക് ലക്ഷ്യവും മാർഗവുമാക്കുന്ന പഠനം വിഭാവനം ചെയ്യുന്നു. പഠനവും അറിവും അദ്ധ്വാനത്തിന്റെ അഥവാ പ്രവർത്തിയുടെ ഉത്പന്നമാണ്, നിർമിതിയുടെ രീതിശാസ്ത്രമാണ്, വിമോചനത്തിന്റെ സാംസ്കാരിക ഉപകരണമാണ്, ജൈവമായ പ്രക്രിയയുടെ ഉൽപന്നമാണ്, ശേഷികൾ, ദാരണകൾ, നൈപുണ്യങ്ങൾ ഇവയെല്ലാം അറിവിന്റെ ഘടകങ്ങളാണ്. ആശയ വ്യക്തതയില്ലാത്ത വികലമായ ഭാഷാപ്രയോഗമാണ് കരട് പാഠ്യ പദ്ധതി സമീപനരേഖയെന്നാണ് ഇതിനെതിരായ കാതലായ വിമർശനം.

03. അഗ്നിപരീക്ഷണമാകുന്ന പരീക്ഷകൾ.

സംസ്ഥാനത്ത് നടക്കുന്ന പ്രധാനപ്പെട്ട പരീക്ഷകളുടെയോക്കെ ചോദ്യപേപ്പറുകൾ ചൊരുന്നത് പതിവായിരിക്കുന്നു. സർക്കാരുകളുടെ മാറ്റങ്ങളോ വകുപ്പു മന്ത്രിമാരുടെ പ്രാഗത്ഭ്യമോ ഒന്നും ഈ പ്രതിഭാസത്തിന് ഭീഷണിയാവുന്നില്ല. ഒന്നാം ഘട്ടച്ചിൽ ചോദ്യപേപ്പറിന്റെ കെട്ടുപൊട്ടിച്ചപ്പോൾ വിഷയം മാറിപ്പോയി., രാം ഘട്ടത്തിൽ ചോദ്യം ചോരുക തന്നെ ചെയ്തു. ഇവിടെ ഒരു കാര്യം വ്യക്തമാണ്. ഭരണകൂടങ്ങൾക്കപ്പുറമായി ഒരു സംഘം ഈ രംഗത്ത് വിലസുന്നു്. ഉന്നതരായ ഉദ്യോഗസ്ഥരിൽ ചിലരെങ്കിലും അഴിമതികക്കും അനീതിക്കും കുട്ടുനിൽക്കുന്നതിന്റെ പല തെളിവുകളും പലപ്പോഴായി പുറത്ത് വന്നിട്ടുള്ളതാണങ്ങ. വിപുലമായ അന്വേഷണങ്ങളുാവുമ്പോൾ താഴെ തലങ്ങളിൽ ജോലു ചെയ്യുന്ന പ്യൂൺമാരടക്കമുള്ള ചിലരൊക്കെയാണങ്ങ കുടുങ്ങുക.

ആര് ഭരിച്ചാലും ഞങ്ങൾ യഥേഷ്ടം അഴിമതി നടത്തിയിരിക്കും എന്ന് പ്രതിജ്ഞ എടുത്തിട്ടുള്ള ഉദ്യോഗസ്തരെ നിഷ്ക്കരണം ശിക്ഷിക്കുന്നതിലൂടെ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾക്ക് അറുതി വരുത്തുവാൻ കഴിയൂ. ഇത്തരത്തിൽ പിടികൂടുന്നവരെ ഉന്നതരായാലും താഴ്ന്നവരായാലും സംരക്ഷിക്കാൻ ഒരു രാഷ്ട്രീയ പാർട്ടിയും പിന്നണിയിൽ പോലും പ്രവർത്തിക്കയുമരുത്. പങ്കാളിത്തം കൊ് ലോകത്തെ ഏറ്റവുംവലിയ പരീക്ഷയായിട്ടാണ് നമ്മുടെ എസ്. എസ്. എൽ. സി പരീക്ഷ അറിയപ്പെടുന്നത്. അഞ്ചോ–ആറോ കുട്ടികളാണ് ആതോറും ഈ പരീക്ഷ എഴുതുന്നത്. ഇത്രയേറെ പ്രാമുഖ്യമുള്ള പരീക്ഷ കുററമററരീതിയിൽ കഴിയേതാണ്. അതിനുവേികർക്കശവും കാര്യക്ഷമവുമായ നടപടികൾ തന്നെ സർക്കാർ കൈക്കൊള്ളണം. സദുദ്ദേശ്യപരമായി എടുക്കുന്ന സർക്കാർ തീരുമാനത്തിന് കക്ഷിഭേദമന്യേ ഏവരും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്യണം.

04. വിദ്യാഭ്യാസ രംഗത്തു നിന്ന് സർക്കാർ പിന്മാറുന്നു.

ലോകബാങ്ക് നിർദ്ദേശങ്ങൾ അംഗീകരിച്ച് മറ്റ് മേഖലകളെപ്പോലെ വിദ്യാഭ്യാസ രംഗത്തു നിന്നും സർക്കാർ പിന്മാറുന്നുവെന്നുമാണ് ഇതിൽ നിന്നും വ്യക്തമാക്കുന്നത്. സർക്കാർ വിദ്യഭ്യാസ രംഗത്തു നിന്നും പിന്മാറണമെന്നും തദ്ദേശസ്ഥാപനങ്ങളെപ്പോലുള്ള ബോഡികളെ എല്പിക്കണമെന്നും 2001–ൽ സർവ്വ ശിക്ഷ അഭിയാനുമായി ബന്ധപ്പെട്ട് ലോകബാങ്ക് നിർദ്ദേശിക്കുന്നു. വിദ്യാഭ്യാസത്തിനായി തനതുഫുകൾ കത്തെണമെന്നും

ചൂിക്കാട്ടിയിരിക്കുന്നു. ഇക്കാര്യം വിദ്യാഭ്യാസ പദ്ധതി രൂപവത്ക്കരണ മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടു ്.

സംസ്ഥാനത്തെ സ്കൂളുകൾ പൂർണ്ണമായും തദ്ദേശസ്ഥപനങ്ങളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങളാണ് കമ്മിറ്റിയുടെ പ്രധാന പരിഗണനാവിഷയം. ഈ സ്കൂളുകളുടെ സാമ്പത്തികം, വിദ്യാഭ്യാസപരമായ കാര്യങ്ങൾ, പരിശോധന ഉൾപ്പെടെയുള്ള ചുമതലകൾ തദ്ദേശസ്ഥാപനങ്ങൾക്കായിരിക്കും. ഹയർ സെക്കൻഡറി, വേക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തെ പൊതു വിദ്യാഭ്യസ കീഴിൽ കൊണ്ടുവരുന്നതാണ് മറ്റൊരു പ്രധാന വിഷയം. ഇത് നടപ്പാക്കുകയാണെങ്കിൽ ഹയർസെക്കൻഡറി, വി. എച്ച്, എസ്. സി ഡയറക്ടറേറ്റുകൾ അപ്രസക്തമാണെന്നും ചൂിക്കാണിക്കപ്പെടുന്നു.

പ്രീഡിഗ്രി ബോർഡിന്റെ പേരിൽ ഇടതു സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങളെ തുടർന്ന് അവർ അധികാരത്തിൽ കൊവന്ന ബോർഡുകളാണ് ഇപ്പോൾ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫുകൾ പഞ്ചായത്തിന്റെ തനത് ഫിൽ നിന്നും, എം. പി, എം. എൽ. എ ഫുകൾ, പി. ടി. എ സ്ഥാപനത്തിന്റെ വികസനത്തിനായുള്ള സംഭാവന എന്നിവയിൽ നിന്നും സ്വരൂപിക്കണമെന്ന നിർദ്ദേശവും മുന്നോട്ട് വെച്ചിട്ട്. ഇതിന് പുറമെയാണ് കുട്ടികളുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം വ്യക്തമാക്കുന്നതിനുള്ള രേഖ. ഒരു വിഭാഗം കുട്ടികളിൽ നിന്ന് വ്യക്തമാണ്. നേരിട്ട് നിയന്ത്രണമുള്ള വിദ്യാഭ്യാസ മേഖലയിൽ നിന്ന് സർക്കാർ പിന്മാറിയാൽ അത് കേരളത്തിലെ വിദ്യാർത്ഥികളുടെ ഭാവിയെ തന്നെ സാരമായി ബാധിക്കുമെന്ന് ചൂിക്കാണിക്കപ്പെടുന്നു. തദ്ദേശസ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റെടുക്കുമ്പോൾ എന്തെല്ലാം ബാധ്യതകൾ തങ്ങളുടെ ഫ് ഉപയോഗിച്ച് അധ്യാപകർക്കും മറ്റും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാൻ തദ്ദേശസ്ഥാപനങ്ങളുടെ ഫുകൾ കൊ് സാധിക്കില്ല. ഇതിലൂടെ കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനുള്ള ചുമതലപൂർണ്ണമായും രക്ഷിതാക്കളുടെ തലയിൽ വന്നു ചേരുമെന്ന് വ്യക്തം.

05. ദീപിക ഇപ്പോഴും വിദേശപ്പണം വാങ്ങുന്നു : മുഖ്യമന്ത്രി.

ദീപിക ദിനപ്പത്രവും രാഷ്ട്രീയ ദീപികയും ഇപ്പോഴും വിദേശപ്പണം വാങ്ങിയിട്ടാണ് വാർത്തകൾ എഴുതുന്നതെന്നു സംശയിക്കണമെന്ന് മുഖ്യമന്ത്രി വി. എസ് അച്യുതാനന്ദൻ, മന്ത്രി സഭാ യോഗത്തിനുശേഷം പത്രലേഖകരോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. തനിക്കും കുടുംബത്തിനും ഓഫീസിനുമെതിരെ കുറെക്കാലമായി അവർ നിരന്തരം വാർത്ത കൊടുക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

ദീപികയുടെ പല റിപ്പോർട്ടുകളും പിണറായി പക്ഷത്തിന് അനുകൂലമാണെന്ന് അച്യൂതാനന്ദൻ പക്ഷത്തിന് നേരതെതെ തന്നെ പരാതിയുായിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ ആയിരുന്നു ഇന്നലെ പേരെടുത്ത് പറഞ്ഞ് മുഖ്യമന്ത്രിയുടെ ആക്ഷേപം. കേരളത്തിലും ബംഗാളിലും കമ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുമെന്നായപ്പോൾ അതു തടയാൻ തങ്ങൾ സഹായിച്ചുവെന്നും ഇന്ദിര ഗാന്ധിക്ക് പണം കൊടുത്തിരുന്നുവെന്നും ഇന്ത്യയിലെ അമേരിക്കൻ അംബാസിഡറായിരുന്ന മൊയ്നി ഖാൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ വെളിപ്പെടുത്തിയിട്ടുന്ന് മുഖ്യമന്ത്രി പറഞ്ഞു. അന്ന് കമ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വരാതിരിക്കാൻ കോൺഗ്രസ്സിന്റെ സർക്കാർ അധികാരത്തിൽ വരാതിരിക്കാൻ കോൺഗ്രസ്സിന്റെ പണം വാങ്ങി മനോരമയും ദീപികയും പ്രചാരണം നടത്തി. തങ്ങൾ തിരഞ്ഞെടുപ്പിനെ അഭീമുഖീകരിക്കുമ്പോൾ അവർ തുടർന്നും വാങ്ങിയേക്കാം. പത്രപ്രവർത്തകരെ കുറിച്ചല്ല പത്രമുതലാളിമാരെക്കുറിച്ചാണ് താനിതു പറയുന്നത്. പണം വാങ്ങിയവർക്കും പിനിനീടും വാങ്ങാതിരിക്കാനാവില്ല. മറ്റാരെ സംബന്ധിച്ചും തങ്ങൾക്കും സംശയമില്ല. മനരമയും ദീപികയും ഇപ്പോഴും പണം വാങ്ങുന്നുോയെന്ന ചോദ്യത്തിന് അത് അവർ തന്നെ പറയണമെന്നായിരുന്നു മുഖ്യമന്ത്രിയുടെ ആദ്യ പ്രതികരണം. ഇതിൽ ഒരു പത്രത്തെ ന്യായമായും സംശയിക്കണമെന്നും ചൂിക്കാട്ടിയാണ് തുടർന്ന് അദ്ദേഹം ദീപികയുടെ പേര് എടുത്തു പറഞ്ഞത്. പണം വാങ്ങുന്നവരെക്കുറിച്ച് സർക്കാരിൻ അന്വേഷിച്ചുകൂടെയെന്ന ചോദ്യത്തിന് സർക്കാരിന്റെ വിജിലൻലസ് അന്വേഷണത്തിനു പരിമിതിയു ന്നായിരുന്നു വി. എസിന്റെ മറുപടി.

06. സമുദായത്തേക്കാൾ അക്കാദമിക് മികവിനും സ്വാഭാവത്തിനും മുൻഗണന-സീറോ മലബാർ സഭ.

വിദ്യാർത്ഥി പ്രവേശനം, അധ്യാപകനിയമനം എന്നിവയിൽ ഇനി മുതൽ സാമുദായിക മാനദണ്ഡത്തെക്കാൾ അക്കാദമിക്ക് മികവിനും സ്വാഭാവ ശുദ്ധിക്കും മുൻഗണന നൽകണമെന്ന് സീറോമലബാർ

സഭാനേതൃത്വസ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകി. അശാസ്ത്രീയമായ അധ്യാപക നിയമനവ രീതി മൂലം വിദ്യാഭ്യാസ നിലവാരം താണുപോകുന്നത്, സഭയെക്കുറിച്ച് സമൂഹത്തിൽ ആരോഗ്യകരമല്ലാത്ത വില യിരുത്തലുകൾക്കിടയാക്കുമെന്ന കത്തെലിന്റെ വെളിച്ചത്തിലസാണ് നിബന്ധനകൾ കൊുവരുന്നത്. സ്വന്തം സമാദായം, ഇടവക, രൂപത തുടങ്ങിയ മാനദണ്ഡങ്ങളേക്കാൾ വിദ്യാഭ്യാസ യോഗ്യതയ്ക്കായിരിക്കും 70 ശതമാനവും പരിഗണനയെന്നും രൂപതാധ്യന്മാരും മെജർ സൂപ്പീപിയേഴ്സുമാരടങ്ങിയ സമിതി തയ്യാറാക്കി എപ്പിസ്കോപ്പൽ സിനഡ് എംഗീകരിച്ച മാർഗ്ഗരേഖയിൽ പറയുന്നു. നിബന്ധനകൾ ഈ മാസം പത്തു മുതൽ നടപ്പാക്കണമെന്നാണ് നിർദ്ദേശം.മലബാർ സഭാനേതൃത്വസ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകി. അശാ സ്ത്രീയമായ അധ്യാപക നിയമനവ രീതിമൂലം വിദ്യാഭ്യാസ നിലവാരം താണുപോകുന്നത്, സഭയെക്കുറിച്ച് സമൂഹത്തിൽ ആരോഗ്യകരമല്ലാത്ത വിലയിരുത്തലുകൾക്കിടയാക്കുമെന്ന കത്തെലിന്റെ വെളിച്ചത്തിലസാണ് നിബന്ധനകൾ കൊുവരുന്നത്. സ്വന്തം സമാദായം, ഇടവക, രൂപത തുടങ്ങിയ മാനദണ്ഡങ്ങളേക്കാൾ വിദ്യാഭ്യാസ യോഗ്യതയ്ക്കായിരിക്കും 70 ശതമാനവും പരിഗണനയെന്നും രൂപതാധ്യന്മാരും മെജർ സൂപ്പീപി യേഴ്സുമാരടങ്ങിയ സമിതി തയ്യാറാക്കി എപ്പിസ്കോപ്പൽ സിനഡ് എംഗീകരിച്ച മാർഗ്ഗരേഖയിൽ പറയുന്നു. നിബന്ധനകൾ ഈ മാസം പത്തു മുതൽ നടപ്പാക്കണമെന്നാണ് നിർദ്ദേശം.

അധ്യാപക നിയമനകളുടെ ചുമതലകൾ അനിമുതൽ അതിരൂപതാവിദ്യാഭ്യാസ കൗൺസിലിനായിരിക്കും. സന്ന്യാസസമൂഹങ്ങൾക്ക് സ്വന്തമായി പരീക്ഷാബോർഡ് രൂപികരിക്കാവുന്നതാണ്. നിയമനവുമായി ബന്ധപ്പെട്ട യാതൊരുവിധ പണമിടപാടുകളും പാടുള്ളതല്ലെന്ന് മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. വിദ്യാലയങ്ങളുടെ നയങ്ങൾ, പൊതുനിർദ്ദേശങ്ങൾ എന്നിവ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കാനും പരാതികളിൽ തീർപ്പുകല്പിക്കാ നുമധികാരമുള്ള റെഗുലേറ്ററി കൗൺസിൽ രൂപതകളിൽ രൂപീകരിക്കും. സ്ഥാപനങ്ങളുടെ ദൈനംദിന നട ത്തിപ്പിൽ അനാവശ്യ കൈകടത്തലുകൾ തടയുകതയാണ് ഇതിന്റെ ലക്ഷ്യം.

വിദ്യാർത്ഥികളുടെ ക്രീസ്തീയവും മൂല്യാധിഷ്ഠിതവുമായ പരീശിലനം ഉറപ്പുവരുത്തുന്നതിനായി അധ്യാപകർക്ക് പരീശീലനം നൽകണമെന്നാണ് മറ്റൊരു നിർദ്ദേശം. എയ്ഡഡ് സ്ഥാപനങ്ങലിൽ മാനേജ്മെന്റ് ക്വാട്ടയിൽ കത്തോലിക്കാ കുട്ടികളുടെ അനുപാതം തൊണ്ണൂറു ശതമാനം വരെയാകാം. ദണിത് കത്തോലിക്ക വിദ്യാർത്ഥികൾക്ക് ആകെ സീറ്റീന്റെ ഒരു സീറ്റിന്റെ ഒരു ശതമാനം സംവരണം നൽകും. ഉദ്യോഗാർത്ഥി ഇത രമതസ്ഥരാണെങ്കിൽ അവരുടെ സ്വാഭാവം, ഈശ്വര വിശ്വാസം, സാമൂഹിക പ്രതിബദ്ധത, സ്ഥാപനത്തോടു ളള കൂറ്, എന്നിവകൂടി പരിഗണിക്കണമെന്നാണ് മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർവർക്കി വിതയത്തിൽ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം.

07. സഭയുടെ സ്വരം തിരിച്ചറിയാൻ മക്കൾക്ക് സാധിക്കണം.

അനേകം സ്വരങ്ങൾക്കിടയിൽ നിന്നു സഭയുടെ സ്വരം തിരിച്ചറയാൻ സഭാ മക്കൾക്കു സാധിക്കണ മെന്നും സഭയുടെ ഔദ്യോഗിക പത്രമായ ഒസെർവത്തോരെ റോമനോയിലൂടെ ഇതു സാധ്യമാകുമെന്നും ആർച്ച് ബിഷപ്പ് മാർപവ്വത്തിൽ.

ടാഗോർ തിയേറ്ററിൽ കാർമെൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ബൗസിൽ (സെന്റ് ജോസഫ് പ്രസ്) നിന്നു പ്രസിദ്ധീകരിക്കുന്ന വത്തിക്കാൻ വാർത്തപത്രികയായ ഒസെർവത്തോരെ റോമനോയുടെ മലയാള പ്രതിവാര പതിപ്പിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. യഥാർത്ഥ സത്യം എന്താണെന്ന് മനസ്സിലാക്കുവാനും മാരപാപ്പയുടെ പ്രബോധനസ്വരം കേൾക്കുവാനും കേരളസഭയിലെ മക്കൾക്കും സാധ്യമാകുന്നു. വലയൊരു കാൽവയ്പാണിത്. സഭയോടൊപ്പം പഠിക്കാനും ചിന്തിക്കാനും ഒരോ രുത്തർക്കും കടമയു്. സഭയുടെ സ്വരം കേക്കാത്തതുകൊാണ് പലപ്പോഴും സഭാമക്കൾ പ്രശ്നങ്ങളിൽ വീഴുന്നതെന്ന് മാർ ജോസഫ് പവ്വത്തിൽ ചീക്കാട്ടി.

08. ജോൺ പോൾ മാർപാപ്പ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് അടുക്കുന്നു.

അന്തരിച്ച ജോൺപോൾ രാമൻ മാർപാപ്പ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഒരു പടി കൂടി അടുത്തു. അദ്ദേഹത്തിന്റെ വിശുദ്ധി ഉറപ്പാക്കുന്നതിനുള്ള ആദ്യ ഔപചാരികഘട്ടം കത്തോലിക്കാ സഭ തിങ്കാളാഴ്ച പൂർത്തിയാക്കി. ജോൺ പോൾ രാമന്റെ രാം ചരമവാർഷികത്തിലാണ് ഇക്കാര്യം പൂർത്തിയായതെന്ന

കാര്യം ശ്രദ്ധേയമാണ്. ജോൺ പോൾ രാമനെ വാഴ്ത്തപ്പെട്ടവാനായി പ്രഖ്യാപിക്കണമെന്ന ശുപാർശ ചെയ്യരു കെ് റോം, ക്രക്കോ അതിരൂപതകൾ തയ്യാറാക്കിയ ആയിരക്കണക്കിന് പേജുകൾ വരുന്ന രേഖകൾ തിങ്കാളാഴ്ച വത്തിക്കാൻ അധികൃതർക്ക് കൈമാറി.ഇരുമ്പതാം നൂറ്റാിലെ ഏറ്റവും ജനകീയനായ മാർപാപ്പയായിരുന്ന ജോൺ പോൾ രാമൻ, 2005 ഏപ്രിൽ രിനാണ് അന്തരിച്ചത്. അദ്ദേഹത്തിന്റെ രാം ചരമ വാർഷികം ദിനമായ തിങ്കാളാഴ്ച പതിനായിരക്കണക്കിന് വിശ്വാസികൾ വത്തിക്കാനിലെത്തി. ആ സമയത്താണ് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കാനുള്ള ശുപാർശ സമർപ്പിക്കപ്പെട്ടത്.

വത്തിക്കാൻ കൈമാറിയ രേഖകളിലെ കേന്ദ്രബിന്ദു, ഫ്രഞ്ചുകാരിയായ കന്യാസ്ത്രീ സിമോൺ പിയറി നൽകിയിരുന്ന രോഗ സൗഖ്യ സാക്ഷ്യമാണ്. പാർക്കിസൺസ് രോഗം ബാധിച്ച തനിക്ക് ജോൺ പോൾ രാമന്റെ മധ്യസ്ഥതയിൽ പ്രാർത്ഥിച്ചപ്പോൾ സൗഖ്യം ലഭിച്ചുവെന്നാണ് 46-കാരിയായ സിമോൺ പിയറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

09. ജയിൽ ഐ. ജി. യുടെ നിരോധനാജ്ഞയിൽ പ്രതിഷേധം.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ അഭിവന്ദ്യ മാത്യൂ അറക്കൽ പിതാവ് ചെയർമാനായിരിക്കുന്ന ജസ്റ്റിസ്, പീസ് ആന്റ് ഡെവലപ്മെന്റ് കമ്മീഷനിൽ തടവുകാരുടെ മാനസിക, ജീവിതക്ഷേമത്തെ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ഒരു സന്നദ്ധത സംഘടനയാണ് ജീസസ്സ് ഫട്ടേണിറ്റി. ഏകദേശം 24 വർഷങ്ങളായി യാതൊരു പ്രതിഫലവും പറ്റാതെ ആയിരത്തി അഞ്ഞൂറിൽ മേലെ വൈദികരും കന്യസ്ത്രീകളും അത്മായരും, കേരളത്തിലെ എല്ലാ ജയിലുകളും, അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ തെറ്റിന്റെ പേരിൽ ജയിലിൽ കഴിയുന്ന നിരവധിയായ വ്യക്തികളെ സന്ദർശിക്കുകയും, അവർക്കു വേി ജയിൽ വകുപ്പിനോടൊത്ത് സഹകരിച്ച്, പലതരത്തിലുള്ള ക്ഷേമപരിപാടികളും അവിടെ കിടക്കുന്ന നാനാജാതി മതക്കാർക്കായി ചെയ്ത് വരുന്ന ജീസസ്സ് ഫ്രട്ടേണിറ്റിയേയും, അതുപോലുള്ള സന്നദ്ധത സംഘടനകളുടെ പ്രവർത്തനങ്ങളെയും പുതുതായി ചാർജ്ജെടുത്ത ഐ. ജി ബാബുരാജിന്റെ നിരോധനാജ്ഞ പ്രതിക്ഷേധാർഹമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കായി വർഷങ്ങളായി പുതുക്കി നൽകിയിരുന്ന പ്രവേശാനാനുമതി ഇനി പുതുക്കേതില്ല എന്നാതാണ് പുതിയ ഐ. ജി ബാബുരാജിന്റെ ഉത്തരവ്. ഇത് തടവുകാരോട് കാണിക്കുന്ന ക്രൂരതയും, അവരുടെ അവകാശങ്ങളിലൂടെ മേലുള്ള കടന്നുകയറ്റവുമാണ്.